# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 798

30.06.2011- ൽ
മറുപടിയ്ക്ക്

## എഞ്ചിനീയറിംഗിന് സർക്കാർ സ്വാശ്രയ സീറ്റുകളുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | 2011- 2012 അദ്ധ്യയന വർഷത്തിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് സർക്കാർ മേഖലയിൽ എത്ര സീറ്റുകളാണുള്ളതെന്നും സ്വാശ്രയ മേഖലയിൽ എത്ര സീറ്റുകളാണുള്ളതെന്നും വ്യക്തമാക്കുമോ ; | (എ) | 9 ഗവൺമെന്റ് കോളേജുകളിലായി 2783 സീറ്റുകളും 3 എയ്ഡഡ് കോളേജുകളിലായി 1550 സീറ്റുകളും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി/വെറ്റിനറി യൂണിവേഴ്സിറ്റിയുടെ 2 കോളേജുകളിലായി 71 സീറ്റുകളും സർക്കാർ നിയന്ത്രിത 22 എൻജിനീയറിംഗ് കോളേജുകളിലായി 5895 സീറ്റുകളും 73 സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് മേഖലയിൽ 23620 സീറ്റുകളും ഉണ്ട്. |
| (ബി) | സ്വാശ്രയ മേഖലയിലെ ആകെ എത്ര സീറ്റുകളിലാണ് പൊതുപ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അഡ്മിഷൻ ലഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ബി) | 2011-2012 വർഷത്തെ അലോട്ട്മെന്റ് തുടങ്ങിയിട്ടില്ല. |
| (സി) | പൊതുപ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റിൽ നിന്നും ഒരു കുട്ടിക്കുപോലും പ്രവേശനം നൽകാത്ത ഏതെങ്കിലും സ്വാശ്രയ സ്ഥാപനം എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോയെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (സി) | ന്യൂനപക്ഷ ക്രിസ്ത്യൻ മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നില്ല. അത്തരം കോളേജുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.<br>1. അമൽ ജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗ്, കൂവപ്പള്ളി.പി.ഒ കാഞ്ഞിരപ്പള്ളി, കോട്ടയം<br>2. ജ്യോതി എൻജിനീയറിംഗ് |

.............മറുപുറം

| | | | |
|---|---|---|---|
| | | | കോളേജ്, ജ്യോതി ഹിൽസ്, പാഞ്ഞാൽ റോഡ്, വെട്ടിക്കാട്ടിരി പിഒ, ചെറുതുരുത്തി, തൃശ്ശൂർ<br>3. ലൂർദ് മാതാ കോളേജ് ഓഫ് സയൻസ് & ടെക്നോളജി, ലൂർദ് ഹിൽസ്, കുറ്റിച്ചൽ പിഒ, തിരുവനന്തപുരം.<br>4. മാർ ബസേലിയസ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി ബഥനി ഹിൽസ്, നാലാഞ്ചിറ.പി.ഒ തിരുവനന്തപുരം<br>5. മരിയൻ എൻജിനീയറിംഗ് കോളേജ്, കഴക്കൂട്ടം, തിരുവനന്തപുരം<br>6. രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, രാജഗിരി വാലി, കാക്കനാട് പിഒ കൊച്ചി.<br>7. സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, പിബി നം. 17, കൊടകര. പി.ഒ തൃശ്ശൂർ.<br>8. സെന്റ് ജോസഫ്സ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, ചൂണ്ടാച്ചേരി പി.ഒ പ്ളാസനൽ(Via) പാല, കോട്ടയം.<br>9. വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി വാഴക്കുളം പിഒ, മൂവാറ്റുപുഴ, എറണാകുളം<br>10. വിമൽജ്യോതി എൻജിനീയറിംഗ് കോളേജ്, ജ്യോതി നഗർ, ചെമ്പേരി പി ഒ കണ്ണൂർ<br>11. ബിഷപ്പ് ജെറോം ഇൻസ്റ്റിറ്റ്യൂട്ട് ഫാത്തിമ കോളേജ് റോഡ്, കൊല്ലം |
| (ഡി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം തന്നെ ഒരേ തരത്തിലുള്ള പ്രവർത്തന മാനദണ്ഡങ്ങൾ നടപ്പിലാക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ? | (ഡി) | സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത കോളേജുകളെ സമവായത്തിലൂടെ കരാറിൽ ഏർപ്പെടുത്തുന്നതിലേക്ക് ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ